# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 611     29.06.2011 ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി എന്നു പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) പ്രസ്തുത പദ്ധതി 31.3.2013 ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇതുവരെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ? | (ബി) ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 37% ഉം ട്രാൻസ്മിഷൻ മെയിനിൻെറ പണികൾ 89% ഉം വിതരണ ശൃഖലയുടെ പണി 29% ഉം പൂർത്തീകരിച്ചു. 20 ജലസംഭരണികൾ പണിയുവാനുള്ളതിൽ 14 എണ്ണത്തിൻെറ നിർമ്മാണ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിച്ചു. ആയതിൻെറ മറ്റ് അനുബന്ധ പ്രവൃത്തികൾ നടന്നു വരുന്നു. ഇപ്പോൾ അവശേഷിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.<br><br>1. ശുദ്ധീകരണ ശാലയുടെ ബാക്കി പ്രവൃത്തികളും, കിണറിൻെറ മുഴുവൻ പ്രവൃത്തികളും<br><br>2. ട്രാൻസ്മിഷൻ മെയിനിൻെറ ശേഷിക്കുന്ന പ്രവൃത്തികൾ<br><br>3. വിതരണ ശൃംഖലകളുടെ ഭാഗമായിട്ടുള്ള 1182 കി.മീ. പൈപ്പ്ലൈൻ<br><br>4. ജലസംഭരണികളിൽ ഇപ്പോൾ പ്രവൃത്തി നടന്നു വരുന്ന മൂന്ന് സംഭരണികളുടെ ബാക്കി പണികൾക്കു പുറമേ 3 സംഭരണികളുടേയും പ്രവൃത്തി ഇനിയും തുടങ്ങേണ്ടതായിട്ടുണ്ട്. ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിലേക്കായുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

5. കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ വൈകാതെ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ